# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 861  10.06.2019 -ലെ മറുപടിക്ക്**

## ചർച്ച് ബിൽ

**ചോദ്യം**

ശ്രീ.ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
ബഹു.പട്ടികജാതി പട്ടികവർഗ്ഗപിന്നാക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ ക്രിസ്ത്യൻ ദേവാലയങ്ങളെ നിയന്ത്രിക്കുന്നതിനായി ചർച്ച് ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചിരുന്നോ ; | (എ) | കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ എന്ന പേരിൽ ഒരു കരട് ബില്ല് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ സ്വമേധയാ തയ്യാറാക്കുകയും ആയത് കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് കമ്മീഷൻ സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടോ ; | (ബി) | പ്രസ്തുത ബിൽ സംബന്ധിച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് നൽകിയിട്ടില്ല. |
| (സി) | വിവിധ സംഘടനകൾ പ്രതിഷേധം അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ബിൽ പിൻവലിക്കുവാൻ നിയമ പരിഷ്കരണ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതുപ്രകാരം കമ്മീഷൻ കരട് ബില്ല് പിൻവലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ എന്ന പേരിൽ ഒരു ബില്ലിന്റെ കരട് കേരള നിയമ പരിഷ്കരണ കമ്മീഷൻ സ്വമേധയാ തയ്യാറാക്കി പൊതുജനാഭിപ്രായത്തിനായി അവരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ അനുവദിച്ചിരുന്ന സമയപരിധി അവസാനിച്ചതിനാൽ പ്രസ്തുത കരട് ബിൽ വെബ് സൈറ്റിൽ നിന്നും കമ്മീഷൻ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള നയപരമായ നിർദ്ദേശങ്ങളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഈ വിഷയം സംബന്ധിച്ച ശിപാർശകളൊന്നും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുമില്ല. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**